**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3919** **28-06-2024 - ൽ മറുപടിയ്ക്ക്**

**മൊബൈൽ ഗവേണൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പാക്കിവരുന്ന മൊബൈൽ ഗവേണനൻസിന്റെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | കേരള സംസ്ഥാന ഐ.ടി. മിഷന്റെ നേതൃത്വത്തിൽ മൊബൈൽ ഗവേണൻസിന്റെ ഭാഗമായി ഒരു 'എസ്.എം.എസ് പ്ലാറ്റ്ഫോമും 'എം-സേവനം' മൊബൈൽ ആപ്ലിക്കേഷനുമാണ് നിലവിലുള്ളത്. 'എം-സേവനം' മൊബൈൽ ആപ്ലിക്കേഷനിൽ നിലവിൽ 81 സർക്കാർ വകുപ്പുകളുടെ 714 സേവനങ്ങൾ ലഭ്യമാണ്.<br><br>ഇത് കൂടാതെ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെ ഭാഗമായി നൂതന സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു മെസ്സേജിങ് പ്ലാറ്റ്ഫോം രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം പുതിയ സേവനങ്ങളാണ് മൊബൈൽ ഗവേണൻസിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | മൊബൈൽ ഗവേണൻസിൽ നൂതന സാങ്കേതിക വിദ്യകളായ വാട്സ്ആപ്പ്, ഗൂഗിൾ ആർ.സി.എസ് മുതലായവ ഉൾപ്പെടുത്തിക്കൊണ്ടുള്ള മെസ്സേജിങ് പ്ലാറ്റ്ഫോം വഴിയുള്ള സേവനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത് . കൂടാതെ ഇ-സേവനം പോർട്ടലിൽ ഉള്ള സേവനങ്ങളിൽ മൊബൈലിൽ ലഭ്യമാക്കുവാൻ കഴിയുന്നവ എല്ലാം എം-സേവനം ആപ്ലിക്കേഷൻ വഴിയും ലഭ്യമാകുന്നതാണ്. |
| (സി) | പദ്ധതിയുമായി ബന്ധപ്പെട്ട് സോഫ്റ്റ് വെയർ സേവനം നൽകി വരുന്ന കമ്പനി ഏതാണെന്ന് അറിയിക്കാമോ; | (സി) | നിലവിൽ പുതിയ മെസ്സേജിങ് പ്ലാറ്റ്ഫോം രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടക്കുന്നതിനാൽ ഒരു കമ്പനിയുമായും കരാറിൽ ഏർപ്പെട്ടിട്ടില്ല.<br><br>നിലവിൽ ഉപയോഗത്തിലുള്ള 'എം-സേവനം' മൊബൈൽ ആപ്ലിക്കേഷന് സോഫ്റ്റ്വെയർ സേവനം നൽകി വരുന്നത് കേന്ദ്രസർക്കാർ സ്ഥാപനമായ എൻ.ഐ.സി ആണ്. |
| (ഡി) | പ്രസ്തുത കമ്പനിയുമായുള്ള കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) | നിലവിൽ പുതിയ മെസ്സേജിങ് പ്ലാറ്റ്ഫോം രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ |

| | | | |
|---|---|---|---|
| | | | നടക്കുന്നതിനാൽ ഒരു കമ്പനിയുമായും കരാറിൽ ഏർപ്പെട്ടിട്ടില്ല.<br><br>നിലവിൽ ഉപയോഗത്തിലുള്ള 'എം-സേവനം' മൊബൈൽ ആപ്ലിക്കേഷന് സോഫ്റ്റ്‌വെയർ സേവനം നൽകി വരുന്നത് കേന്ദ്രസർക്കാർ സ്ഥാപനമായ എൻ.ഐ.സി ആണ്. |

സെക്ഷൻ ഓഫീസർ